# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6047 | 02.04.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. റിട്ടേൺ ഫയലിംഗ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | അന്തർ സംസ്ഥാന വ്യാപാരത്തിനുള്ള ഐ.ജി.എസ്.ടി നികുതി കേന്ദ്രം സംസ്ഥാനത്തിന് നല്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ ആയത് പങ്ക് വയ്ക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ; | (എ) | അന്തർ സംസ്ഥാന വ്യാപാരത്തിനുള്ള ഐ.ജി.എസ്.ടി നികുതി കേന്ദ്രം സംസ്ഥാനത്തിന് നല്കിയിട്ടുണ്ട്. ഇത് എല്ലാ മാസാന്ത്യത്തിലും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. |
| (ബി) | ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് സങ്കീർണ്ണമായ പ്രക്രിയയാണോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ജി.എസ്.ടി യിലെ റിട്ടേൺ സംവിധാനത്തിൽ ഒരു സാധാരണ വ്യാപാരി മൂന്നുതരത്തിലുള്ള റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുണ്ട്. വിൽപ്പനയെ സംബന്ധിച്ച വിവരങ്ങൾ ജി.എസ്.ടി ആർ 1-ലും വാങ്ങലുകളെ സംബന്ധിച്ച വിവരങ്ങൾ വ്യാപാരിക്ക് ഓൺലൈനായി ലഭിക്കുന്ന ഡേറ്റകൾ പരിശോധിച്ച് ജി.എസ്.ടി ആർ 2 ആയും ഫയൽ ചെയ്യേണ്ടതുണ്ട്. ഇതിനുശേഷം നികുതി ബാധ്യത കാണിക്കുന്ന കൺസോളിഡേറ്റഡ് റിട്ടേൺ ജി.എസ്.ടി ആർ 3 ആയി ഫയൽ ചെയ്ത് നികുതി അടയ്ക്കേണ്ടതുണ്ട്. ഇതിനെല്ലാം വ്യക്തമായ സമയക്രമവും നിർദ്ദേശിക്കുന്നുണ്ട്. റിട്ടേണുകൾ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജി.എസ്.ടി.എൻ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ ഇപ്പോൾ വ്യാപാരികൾ ജി.എസ്.ടി ആർ 3 ബി ഫയൽ ചെയ്ത് നികുതി അടയ്ക്കുന്നുണ്ട്. |
| (സി) | ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് ലളിതമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ഉണ്ടായോ; വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി റിട്ടേൺ ഫയലിംഗ് ലളിതമാക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കയറ്റുമതിക്കാർക്ക് ജി.എസ്.ടി.യിൽ നികുതി ആനുകൂല്യം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | പൂർണ്ണമായ ജി.എസ്.ടി റിട്ടേൺ ഫയലിംഗ് പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടായി. റീഫണ്ടിനുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൂടുതൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് സി.ബി.ഇ.സി സർക്കുലർ 17/2017 പുറപ്പെടുവിക്കുകയും കേരളം 01/2018, 02/2018 എന്നീ സർക്കുലറുകൾ പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ കയറ്റുമതിക്ക് ഐ.ജി.എസ്.ടി അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗ് ന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവന്നു. നിലവിൽ ട്രഷറിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് റീഫണ്ട് സമയബന്ധിതമായി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ജി.എസ്.ടി. സംവിധാനത്തിലെ സാങ്കേതിക തകരാറുകൾ പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ വേണ്ട രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതിഅടവ് എന്നിവ ഫ്രണ്ട് എൻഡിലാണ്. ഇത് ജി.എസ്.ടി എൻ ആണ് തയ്യാറാക്കുന്നത്. മോഡൽ 1 സംസ്ഥാനമായ കേരളത്തിൽ ബാക്ക് എൻഡ് മൊഡ്യൂൾ തയ്യാറാക്കുന്നത് സംസ്ഥാനമാണ്. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സംവിധാനം ഇതുവരെയും സജ്ജമായിട്ടില്ല. സാങ്കേതിക പ്രശ്നങ്ങളാൽ ഫെബ്രുവരി ഒന്നു മുതൽ നിർബന്ധമാക്കാൻ ഉദ്ദേശിച്ചിരുന്ന ഇ-വേ ബിൽ സംവിധാനം നീട്ടിവയ്ക്കുകയുണ്ടായി. ഇത് ഏപ്രിൽ-1 മുതൽ നിർബന്ധമാക്കിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**